9) അന്യത്ര സേവന വ്യവസ്ഥയിൽ ബോർഡിൽ ജോലി ചെയ്യുന്ന ജീവനക്കാർ 2019-20 വർഷത്തിൽ മാതൃവകുപ്പിൽ 6 മാസത്തിൽ കൂടുതൽ സേവനം പൂർത്തിയാക്കിയിട്ടുണ്ടെങ്കിൽ യഥാവിധി ബോണസിന്/ ഉത്സവ ബത്തയ്ക്ക് അർഹരാണെങ്കിൽ മുൻ ഖണ്ഡിക 6- ൽ പ്രതിപാദിച്ചിട്ടുള്ള വ്യവസ്ഥകളിൽ ഇളവ് വരുത്തി അവർ മാതൃവകുപ്പിൽ ജോലിയിൽ തുടരുന്നുവെങ്കിൽ അനുവദനീയമായ നിരക്കിൽ ബോണസ്/ഉത്സവ ബത്ത വിതരണം ചെയ്യേണ്ടതാണ്.

10) 2 മുതൽ 5 വരെ ഖണ്ഡികകളിൽ പ്രതിപാദിച്ചിട്ടുള്ള വ്യവസ്ഥകൾ പ്രകാരം ബോണസിന് യോഗ്യരല്ലാതാകുന്ന ജീവനക്കാർക്ക് 2,750/- രൂപ നിരക്കിൽ പ്രത്യേക ഉത്സവ ബത്തയ്ക്ക് അർഹതയുണ്ട്.

11) എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന പ്രൊവിഷണലായി നിയമനം ലഭിച്ചതും ഒന്നാം ഓണത്തിന് മുമ്പ് (30.08.2020) സേവനത്തിലുള്ളതും എന്നാൽ നാലാം ഓണത്തിന് മുമ്പ് (02.09.2020) സേവനം അവസാനിപ്പിച്ച് സർവ്വീസിൽ നിന്നും വിടുതൽ ചെയ്യപ്പെടാനിടയില്ലാത്തതുമായ ജീവനക്കാർ, അവരുടെ സേവന ദൈർഘ്യം കണക്കിലെടുക്കാതെ പ്രത്യേക ഉത്സവ ബത്തയ്ക്ക് അർഹരാകുന്നതാണ്.

12) ഒന്നാം ഓണത്തിന് മുമ്പ് (30.08.2020) സേവനത്തിൽ ഉണ്ടായിരിക്കുകയും നാലാം ഓണത്തിന് മുമ്പ് (02.09.2020) സേവനത്തിൽ നിന്നും നീക്കം ചെയ്യാനിടയില്ലാത്തതുമായ ദിവസ വേതനാടിസ്ഥാനത്തിലുള്ള ജീവനക്കാർക്ക് 1210/- രൂപ നിരക്കിൽ പ്രത്യേക ഉത്സവ ബത്തയ്ക്ക് അർഹതയുണ്ട്.

13) മറ്റേതെങ്കിലും ബോണസ് ആക്ട് / ആക്ടിന്റെ പരിധിയിൽപ്പെട്ട ബോണസിനോ എക്സ്ഗ്രേഷ്യയ്ക്കോ അതുപോലുള്ള മറ്റ് ആനുകൂല്യങ്ങൾക്കോ യോഗ്യരായിട്ടുള്ളവരും, 31.03.2020 ൽ കേരള സർവ്വീസ് റൂൾസിലെ അപ്പെന്റിക്സ് XII പ്രകാരം വിദേശത്തോ ഇന്ത്യയിലോ ജോലി നേടുന്നതിനോ, അല്ലെങ്കിൽ "ജോയിനിംഗ് സ്പൗസ്" എന്നതിനോ ശൂന്യ വേതനാവധിയിലായിരുന്നവർക്കും ബോണസ് / ഉത്സവ ബത്തയ്ക്ക് അർഹത ഉണ്ടായിരിക്കുന്നതല്ല.

14) കേരള ചുമട്ടുതൊഴിലാളി ക്ഷേമബോർഡിൽ നിന്നും വിരമിച്ചവരും ബോണസിനോ , ഉത്സവബത്തയ്ക്കോ അർഹതയില്ലാത്തവരും ആയ ജീവനക്കാർക്ക് 1000/- രൂപ നിരക്കിൽ പ്രത്യേക ഉത്സവ ബത്ത ബോർഡ് ആസ്ഥാന ഓഫീസിൽ നിന്നും നൽകാവുന്നതാണ്. മേൽ സൂചന പ്രകാരമുള്ള സർക്കാർ ഉത്തരവിലെ നിർദ്ദേശങ്ങൾക്ക് വിധേയമായി വേണം ജില്ലാ കമ്മിറ്റി/ഉപകാര്യാലയങ്ങളിലെ ശമ്പള വിതരണ ഉദ്യോഗസ്ഥർ ബോണസ്/പ്രത്യേക ഉത്സവ ബത്ത അനുവദിക്കേണ്ടത്. എന്നാൽ ഉത്സവ ബത്തയ്ക്ക് അർഹത ഉള്ള വിരമിച്ച ജീവനക്കാർക്ക് അതാത് കാര്യാലയത്തിൽ നിന്നും ആയത് യഥാവിധി വിതരണം ചെയ്യാവുന്നതാണ്.

15) ഉപകാര്യാലയങ്ങൾ ജില്ലാ കമ്മിറ്റി മുഖേന 2020 ഓണത്തോടനുബന്ധിച്ച് ബോണസ്/പ്രത്യേക ഉത്സവബത്ത ഇനത്തിൽ വിതരണം ചെയ്ത തുക സംബന്ധിച്ച സ്റ്റേറ്റ്മെന്റ് സമയബന്ധിതമായി ബോർഡിലേക്ക് അയച്ചുതരേണ്ടതാണ്.

ബോണസ് വിതരണം സംബന്ധിച്ച് നിലവിലുള്ള മറ്റെല്ലാ നിർദ്ദേശങ്ങളും നിബന്ധനകളും 15.08.2020 ലെ സ.ഉ. (അച്ചടി) നമ്പർ 107/2020/ ധന നമ്പർ സർക്കാർ ഉത്തരവ് പ്രകാരം പാലിക്കപ്പെടേണ്ടതാണ്. ബോണസ് തുക **19/08/2020** മുതൽ യഥാവിധി വിതരണം ചെയ്യാവുന്നതാണ്.

(ഒപ്പ്)

ചീഫ് എക്സിക്യൂട്ടീവ് (ഇൻ ചാർജ്ജ്)

**സ്വീകർത്താവ്**

എല്ലാ ജില്ലാ കമ്മിറ്റി ചെയർമാൻമാർക്കും/പോർട്ട് ട്രസ്റ്റ് ഏരിയ കമ്മിറ്റി ചെയർമാനും.

( ജില്ലാ കമ്മിറ്റി ചെയർമാൻ, കമ്മിറ്റിയുടെ കീഴിലുള്ള എല്ലാ ഉപകാര്യാലയങ്ങൾക്കും ഈ വിഷയത്തിൽ ആവശ്യമായ തുടർ നടപടികൾക്കായി അടിയന്തിര നിർദ്ദേശം നൽകേണ്ടതും, സർക്കുലറിന്റെ പകർപ്പ് അറിവിലേയ്ക്കായി സർക്കുലേറ്റ് ചെയ്യേണ്ടതുമാണ്.

**പകർപ്പ്**

സൂപ്രണ്ട് ക്യാഷ് സെക്ഷൻ/എസ്റ്റാബ്ലിഷ്മെന്റ് സെക്ഷൻ.

സെക്ഷൻ ക്ലർക്ക് ഇ2/സി1 സീറ്റുകൾ.

(അറിവിലേയ്ക്കും ആവശ്യമായ തുടർ നടപടികൾക്കുമായി).

//ഉത്തരവിൻ പ്രകാരം//

Jayaprakash

ജൂനിയർ സൂപ്രണ്ട്

